# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 773 — 09.08.2017-ന് മറുപടിയ്ക്ക്

## പിന്നോക്ക സമുദായ ക്ഷേമ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഒ. രാജഗോപാൽ :** | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പിന്നോക്ക സമുദായക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും അതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ ? | (എ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിലവിൽ 12 പദ്ധതി സ്കീമുകളും, 4 പദ്ധതിയേതര സ്കീമുകളുമാണ് നടപ്പിലാക്കുന്നത്. ഒ.ബി.സി. പ്രീമെട്രിക് / പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, ഒ.ഇ.സി. പ്രീമെട്രിക് / പോസ്റ്റ് മെട്രിക് സഹായം, വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്, മത്സരശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഗ്രാന്റ്, ഓട്ടോമൊബൈൽ രംഗത്തെ തൊഴിൽ പങ്കാളിത്ത പദ്ധതി , പരമ്പരാഗത കളിമൺപാത്ര തൊഴിൽ നവീകരണ പദ്ധതി, പരമ്പരാഗത കരകൗശല സമുദായങ്ങൾക്ക് ടൂൾകിറ്റ് ഗ്രാന്റ്, ബാർബർഷോപ്പ് നവീകരണ ഗ്രാന്റ്, അഡ്വക്കേറ്റ് ഗ്രാന്റ്, വിശ്വകർമ്മ പെൻഷൻ എന്നിവയാണ് വകുപ്പിന്റെ പ്രധാന സ്കീമുകൾ (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു). പിന്നാക്ക വിഭാഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അതിനായി വകയിരുത്തിയിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ 2016-17

(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതികൾ | ശീർഷകം | ബഡ്ജറ്റ് വിഹിതം |
|---|---|---|---|
| I | **സംസ്ഥാന പദ്ധതികൾ** | | |
| 1 | ഒ.ഇ.സി. പോസ്റ്റ് മെട്രിക് അസിസ്റ്റൻസ് | 2225-03-277-99 | **2000.00** |
| 2 | ഒ.ഇ.സി. പ്രീമെട്രിക് അസിസ്റ്റൻസ് | 2225-03-277-98 | **300.00** |
| 3 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | 2225-03-277-91 | **200.00** |
| 4 | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | 2225-03-277-90 | **550.00** |
| 5 | കളിമൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം | 2225-03-800-85 | **170.00** |
| 6 | കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി | 2225-03-102-99 | **40.00** |
| 7 | ഓഫീസ് ഓട്ടോമേഷൻ | 2225-03-001-98 | **135.00** |
| 8 | ബാർബർഷോപ്പ് | 2225-03-102-98 | **255.00** |
| 9. | ടൂൾകിറ്റ് ഗ്രാന്റ് | 2225-03-277-88 | **250.00** |
| II | **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | |
| 1 | ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS ) | 2225-03-277-96-34 | **5000.00** |
| 2 | ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS ) | 2225-03-277-92 | **6400.00** |
| 3 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം | 4225-03-277-97 | **800.00** |

| ക്രമ നമ്പർ | പദ്ധതികൾ | ശീർഷകം | ബഡ്ജറ്റ് വിഹിതം |
|---|---|---|---|
| I | **പദ്ധതിയേതര സ്കീമുകൾ** | | |
| 1 | ഒ.ഇ.സി. പോസ്റ്റ് മെട്രിക് അസിസ്റ്റൻസ് | 2225-03-277-99 | **17671** (അഡീഷണൽ ഓതറൈസേഷനും ഉൾപ്പെടുത്തി |
| 2 | ഒ.ഇ.സി. പ്രീമെട്രിക് അസിസ്റ്റൻസ് | 2225-03-277-98 | **1734** (അഡീഷണൽ ഓതറൈസേഷനും ഉൾപ്പെടുത്തി) |
| 3 | അഡ്വക്കേറ്റ് ഗ്രാന്റ്സ് | 2225-03-800-81 | **12.00** |
| 4 | വിശ്വകർമ്മ പെൻഷൻ | 2225-03-102-96 | **100.00** |
| 5 | ഭരണവും നടത്തിപ്പും | 2225-03-001-99 | **135.00** |

## പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ 2017-18

(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതികൾ | ശീർഷകം | വകയിരുത്തിയിട്ടുള്ള തുക |
|---|---|---|---|
| I | സംസ്ഥാന പദ്ധതികൾ | | |
| 1 | ഒ.ഇ.സി. പോസ്റ്റ് മെട്രിക് അസിസ്റ്റൻസ് | 2225-03-277-99 | 3100 |
| 2 | ഒ.ഇ.സി. പ്രീമെട്രിക് അസിസ്റ്റൻസ് | 2225-03-277-98 | 500 |
| 3 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | 2225-03-277-91 | 270 |
| 4 | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | 2225-03-277-90 | 650 |
| 5 | കളിമൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം | 2225-03-800-85 | 180 |
| 6 | കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി | 2225-03-102-99 | 40 |
| 7 | ഓഫീസ് ഓട്ടോമേഷൻ | 2225-03-001-98 | 100 |
| 8 | ബാർബർഷോപ്പ് | 2225-03-102-98 | 270 |
| 9. | ടൂൾകിറ്റ് ഗ്രാന്റ് | 2225-03-277-88 | 310 |
| II. | കേന്ദ്രാവിഷ്കൃത പദ്ധതികൾ | | |
| 1 | ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100%CSS ) | 2225-03-277-96-34 | 5000 |
| 2 | ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (50%CSS ) | 2225-03-277-92 | 5000 |
| 3 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം | 4225-03-277-97 | 800 |

| ക്രമ നമ്പർ | പദ്ധതികൾ | ശീർഷകം | ബഡ്ജറ്റ് വിഹിതം |
|---|---|---|---|
| I | പദ്ധതിയേതര സ്കീമുകൾ | | |
| 1 | ഒ.ഇ.സി. പോസ്റ്റ് മെട്രിക് അസിസ്റ്റൻസ് | 2225-03-277-99 | 13200 |
| 2 | ഒ.ഇ.സി. പ്രീമെട്രിക് അസിസ്റ്റൻസ് | 2225-03-277-98 | 1265 |
| 3 | അഡ്വക്കേറ്റ് ഗ്രാന്റ്സ് | 2225-03-800-81 | 12 |
| 4 | വിശ്വകർമ്മ പെൻഷൻ | 2225-03-102-96 | 100 |
| | | | |
| 5 | ഭരണവും നടത്തിപ്പും | 2225-03-001-99 | 100 |

**അനുബന്ധം**

**കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് 2016-17 സാമ്പത്തിക വർഷം 13 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. ടി തുകയും ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധന കാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ വായ്പയും കോർപ്പറേഷന്റെ തനത് ഫണ്ടും ചേർത്ത് ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ 02.08.2017 -വരെ 370.96 കോടി രൂപയുടെ വായ്പ വിതരണം ചെയ്തിട്ടുണ്ട്. സ്വയം തൊഴിൽ വായ്പ, മൈക്രോ ക്രെഡിറ്റ് വായ്പ, വിദ്യാഭ്യാസ വായ്പ, വിവാഹ ധനസഹായ വായ്പ, വിദ്യാശ്രീ വായ്പ, സുവർണ്ണശ്രീ വായ്പ തുടങ്ങിയ പദ്ധതികൾക്കാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളത്.

കൈത്തൊഴിലുകാരുടെയും മറ്റ് പരമ്പരാഗത കരകൗശല ഉൽപ്പന്ന നിർമ്മാതാക്കളുടെയും ഉൽപ്പന്നങ്ങളുടെ തൽസമയ നിർമ്മിതി, പ്രദർശനം, വിപണനം എന്നിവ ലക്ഷ്യമിട്ട് ഒരു ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. നോർക്ക റൂട്ട്സുമായി ചേർന്ന് തിരിച്ച് വരുന്ന പ്രവാസികൾക്കുള്ള വായ്പാ പദ്ധതി, ഡയറി മേഖലയിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി (ക്ഷീര സമൃദ്ധി) തുടങ്ങിയ പദ്ധതികൾ പുതുതായി 2017-18 സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ഈ സാമ്പത്തിക വർഷം പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(signature)

ഡെപ്യൂട്ടി സെക്രട്ടറി

**അനുബന്ധം**

## **കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ**

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 6 കോടി രൂപയും കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നുള്ള 54,87,818/- രൂപയും ചേർത്ത് 6,54,87,818/- കോടി രൂപയും വിനിയോഗിച്ച് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| **ക്രമ നം.** | **പദ്ധതികൾ** | **എണ്ണം** | **തുക** |
|---|---|---|---|
| 1 | ഭവന നിർമ്മാണ വായ്പ | 217 | 4,92,70,000.00 |
| 2 | ഭൂരഹിത ഭവനരഹിത വായ്പ | 3 | 6,94,000.00 |
| 3 | ഭവന പുനരുദ്ധാരണ വായ്പ | 21 | 10,50,000.00 |
| 4 | വിവാഹ വായ്പ | 32 | 31,90,000.00 |
| 5 | സ്വയംതൊഴിൽ വായ്പ | 9 | 18,51,568.00 |
| 6 | വിദ്യാഭ്യാസ വായ്പ | 4 | 5,55,000.00 |
| 7 | വ്യക്തിഗത വായ്പ | 45 | 43,85,000.00 |
| 8 | സർക്കാർ / അർദ്ധസർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ | 24 | 36,00,000.00 |
| 9 | വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനം | 204 | 1,93,250.00 |
| 10 | മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ പരിശീലനം | 47 | 6,99,000.00 |
| | **ആകെ** | **606** | **6,54,87,818.00** |

2017-18 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ